## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **31.01.2018 - ൽ**

**ചോദ്യം നമ്പർ: 1549** **മറുപടിയ്ക്ക്**

### നീര രാജ്യാന്തര വിപണിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

**മറുപടി**

**ശ്രീ.വി.എസ്.സുനിൽ കുമാർ**

(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| **എ)** നീര ഉല്പന്നം രാജ്യാന്തര വിപണിയിൽ വിപണനം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വികസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | **എ)** നീര അധിഷ്ഠിത ഉല്പ്പന്നങ്ങൾക്കാണ് (ഉദാ: പാംഷുഗർ) ഇപ്പോൾ രാജ്യാന്തര വിപണിയിൽ മൂല്യമുള്ളത്. നീരയും അതിൽ നിന്നുള്ള മറ്റ് ഉല്പ്പന്നങ്ങളും രാജ്യാന്തര വിപണിയിൽ എത്തിക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര ഏജൻസിയായ നാളികേര വികസന ബോർഡ് ആരംഭിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാല, കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രം, നാളികേര വികസന കോർപ്പറേഷൻ എന്നിവയെ കൂടി ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| **ബി)** രാജ്യാന്തര വിപണിയിൽ വിപണനം നടത്തുന്നതിന് ഉതകുന്ന തരത്തിൽ ടെട്രാപായ്ക്കിങ് സംവിധാനം ഇല്ലാത്തതാണ് രാജ്യാന്തര ബ്രാൻഡുകളോട് മത്സരിക്കുന്നതിന് നീര ഉല്പന്നത്തെ തടസ്സപ്പെടുത്തുന്നതെന്ന് കരുതുന്നുണ്ടോ;<br><br>**സി)** നീരയെ രാജ്യാന്തര ബ്രാൻഡുകളോട് മത്സരിക്കുന്നതിന് പ്രാപ്തമാക്കുന്ന തരത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ?<br><br>**ഡി)** ശരിയായ മാർക്കറ്റിങും രാജ്യാന്തര ബ്രാൻഡുകളുടെ നിലവാരത്തിലുള്ള പായ്ക്കിങ് സംവിധാനവും ഉപയോഗിച്ച് നീരയ്ക്ക് രാജ്യാന്തര വിപണിയിൽ വിപണനം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | **ബി) സി) & ഡി)** നീര സംസ്കരണത്തിനുള്ള സാങ്കേതിക വിദ്യ, ഗുണനിലവാരം, മികച്ച പായ്ക്കിങ് എന്നിവയെല്ലാം രാജ്യാന്തര വിപണിയിൽ പ്രധാനമാണ്. ടെട്രാ പാക്കിംഗ് സംവിധാനം രാജ്യാന്തര വിപണിയിൽ നീരയുടെ സ്വീകാര്യത ഉറപ്പ് വരുത്താൻ ഉതകുന്നതാണ്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ അതിന്റെ പ്രാരംഭദശയിലാണ്. നീരയെ ശരിയായ മാർക്കറ്റിംഗ്, ഏകീകൃത ഗുണനിലവാരം, രാജ്യാന്തര നിലവാരമുള്ള ടെട്രാപാക്കിംഗ് എന്നിവയിലൂടെ രാജ്യാന്തര വിപണിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**